**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – റബ്ബർ ഉത്പാദന ഇൻസെന്റീവ് പദ്ധതിക്ക് കീഴിൽ റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്**

സ.ഉ. (അച്ചടി) നം. 76/2026/ധന                തീയതി, തിരുവനന്തപുരം, 03-07-2026

---

പരാമർശം :- 1. 03-07-2015 തീയതിയിലെ സ.ഉ. (അച്ചടി) നം. 269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.

2. 30/10/2025 തീയതിയിലെ സ.ഉ. (അച്ചടി) നം. 134/2025/ധന നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയായി നിശ്ചയിച്ചുകൊണ്ട് പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം റബ്ബർ ഉത്പാദന ഇൻസെന്റീവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുകയും, പരാമർശം 2 ലെ സർക്കാർ ഉത്തരവ് പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഉത്പാദന ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ടി താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കർഷകരും റബ്ബർ ഉത്പാദക സംഘങ്ങളും ജനപ്രതിനിധികളും നിരന്തരം ആവശ്യപ്പെട്ടിരുന്നു. റബ്ബറിന്റെ വിലയിടിവിൽ നിന്നും റബ്ബർ കർഷകരെ സഹായിക്കാനായി ആരംഭിച്ചിട്ടുള്ള റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പ്രകാരം നിശ്ചയിച്ചിട്ടുള്ള റബ്ബറിന്റെ നിലവിലെ താങ്ങുവില 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കുമെന്ന് 2026-27 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

2) 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലെ പ്രസ്തുത പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, റബ്ബർ ഉത്പാദന ഇൻസെന്റീവ് പദ്ധതി പ്രകാരം നിശ്ചയിച്ചിട്ടുള്ള റബ്ബറിന്റെ താങ്ങുവില കിലോഗ്രാമിന് 200 രൂപയിൽ നിന്നും 250 രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഈ ഉത്തരവ് തീയതി മുതലുള്ള ബില്ലുകൾക്കായിരിക്കും ഈ വർദ്ധനവ് ബാധകമാകുന്നത്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II), കേരള, തിരുവനന്തപുരം
3. ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർ ബോർഡ്, കോട്ടയം
5. നോഡൽ ഓഫീസർ, www.finance.kerala.gov.in
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Rani S

അക്കൗണ്ട്സ് ഓഫീസർ